ഉത്തരം

(എ) ഉണ്ട്.

(ബി) വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിലൂടെ ലക്ഷ്യമിട്ടിരുന്നത്, ആർ.എസ്.എസ്. 4 ഗ്രേഡിലുള്ള റബ്ബറിന്റെ വില 171 രൂപ എത്തുന്നതുവരെ സംഭരണം തുടരാനായിരുന്നു. സംഭരണത്തിലൂടെ ഒരു പരിധി വരെ വിലയിടിവ് നിയന്ത്രിക്കാനും കർഷകർക്ക് ന്യായവില ലഭ്യമാക്കാനും സാധിച്ചിട്ടുണ്ട്.

(സി) 27-11-2014 വരെ റബ്ബർമാർക്ക് 585.5 ടണ്ണും മാർക്കറ്റ്ഫെഡ് 390.8 ടണ്ണും ഉൾപ്പെടെ ആകെ 976.3 ടൺ റബ്ബർ സംഭരിച്ചിട്ടുണ്ട്.

(ഡി) റബ്ബർ സംഭരണ നടപടി ഫലപ്രദമാണ്. എന്നാൽ റബ്ബർ ഒരു വ്യാവസായിക വിളയായതിനാലും വില അന്താരാഷ്ട്ര വിപണിയെ ആശ്രയിച്ചിരിക്കുന്നതിനാലും റബ്ബർ വില കാര്യമായി ഉയരുന്നില്ല.

കാർഷിക വിള ഇൻഷ്വറൻസ് പദ്ധതി

283 (1724) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷികവിള ഇൻഷ്വറൻസ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ ;

(സി) ഏതെല്ലാം ഇൻഷ്വറൻസ് കമ്പനികളാണ് പദ്ധതിയുമായി സഹകരിക്കുന്നത്;

(ഡി) ഇൻഷ്വറൻസ് പ്രീമിയം സംബന്ധിച്ച വ്യവസ്ഥകൾ എന്തെല്ലാമാണ് ; വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. കാർഷിക വിളകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതിനായി കൃഷി വകുപ്പ് മുഖേന സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി, പരിഷ്കരിച്ച ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതി, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വൻസ് പദ്ധതി, കേരവൃക്ഷ ഇൻഷ്വറൻസ് പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്ത കാർഷികവിളകൾക്ക് നഷ്ടപരിഹാരം നൽകി വരുന്നു. കേരളത്തിലെ പ്രധാനപ്പെട്ട 25 കാർഷിക വിളകളായ തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, കമുക്, ഏലം, കശുമാവ്, കൈതച്ചക്ക, ഇഞ്ചി, മഞ്ഞൾ, മരിച്ചീനി, കൊക്കോ, നിലക്കടല, കാപ്പി, തേയില, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പൂ, വെറ്റില, പയർ വർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല് എന്നീ വിളകൾക്ക് പ്രകൃതിക്ഷോഭംമൂലമുള്ള കൃഷിനാശത്തിന് ഇൻഷ്വറൻസ് പരിരക്ഷ നൽകി വരുന്നു. പരിഷ്കരിച്ച ദേശീയ കാർഷിക വിള ഇൻഷ്വറൻസ് പദ്ധതിയിൽ പ്രകൃതിക്ഷോഭങ്ങൾ, രോഗകീടങ്ങളുടെ ആക്രമണം എന്നിവമൂലം പ്രഖ്യാപിത വിളകൾക്ക് അവയുടെ വിജ്ഞാപിത പ്രദേശങ്ങളിലുണ്ടാകുന്ന ഉത്പാദന നഷ്ടത്തിനാണ് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നത്.

കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം, വിളകൾക്ക് ദോഷകരമായി ഭവിക്കുന്ന അന്തരീക്ഷതാപ നിലയിലുണ്ടാകുന്ന വ്യതിയാനങ്ങൾ, അതിവൃഷ്ടി, അനാവൃഷ്ടി, ശക്തിയായ കാറ്റ്, തുടർദിവസങ്ങളിലുണ്ടാകുന്ന ശക്തമായ മഴ, വരൾച്ച, രോഗകീടാക്രമണത്തിന് അനുയോജ്യമായ കാലാവസ്ഥാ സാഹചര്യങ്ങൾ എന്നിവയ്ക്കാണ് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നത്. ഓരോ വിജ്ഞാപിത പ്രദേശങ്ങളിലും സ്ഥാപിച്ചിട്ടുള്ള ഓട്ടോമാറ്റിക് വെതർ സ്റ്റേഷനിൽ രേഖപ്പെടുത്തുന്ന നിർദ്ദിഷ്ട കാലാവസ്ഥ ഘടകങ്ങളുടെ തോതിനെ അടിസ്ഥാനമാക്കിയാണ് പദ്ധതിയിൽ ഇൻഷ്വർ ചെയ്ത വിളകൾക്ക് നഷ്ടപരിഹാരം തിട്ടപ്പെടുത്തുന്നത്. കേര വൃക്ഷ ഇൻഷ്വറൻസ് പദ്ധതി പ്രകാരം പ്രകൃതിക്ഷോഭംമൂലം ഉല്പാദനക്ഷമതയുള്ള തെങ്ങുകൾ നശിപ്പിക്കുകയാണെങ്കിൽ കർഷകന് ഇൻഷ്വറൻസ് സംരക്ഷണം ലഭിക്കുന്നു. 2013-14 വർഷത്തിൽ തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, കോഴിക്കോട് ജില്ലകളിൽ ഈ പദ്ധതി നടപ്പിലാക്കി. 2014-2015 വർഷങ്ങളിൽ തെങ്ങൊന്നിന് (15 വർഷം വരെ പ്രായമുള്ളവ) 600 രൂപയിൽ നിന്നും 900 രൂപയായും (16 വർഷം മുതൽ 60 വർഷം വരെ പ്രായമുള്ളവ) 1,150 രൂപയിൽനിന്നും 1,750 രൂപയായും ഉയർത്തിയിട്ടുണ്ട്.

(ബി) പരിഷ്കരിച്ച ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതി, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വൻസ് പദ്ധതി, കേരവൃക്ഷ ഇൻഷ്വറൻസ് പദ്ധതി എന്നിവ കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും ചേർന്ന് നടപ്പിലാക്കുന്നു. 2014-15 വർഷത്തെ മേൽപ്പറഞ്ഞ പദ്ധതികൾക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്.

(സി) അഗ്രികൾച്ചറൽ ഇൻഷ്വറൻസ് കമ്പനി ഓഫ് ഇന്ത്യ മുഖേനയാണ് പരിഷ്കരിച്ച ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതി, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വൻസ് പദ്ധതി, കേരവൃക്ഷ ഇൻഷ്വറൻസ് പദ്ധതി എന്നിവ നടപ്പിലാക്കുന്നത്.

(ഡി) സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം പദ്ധതിയിൽ ചേരുന്ന കർഷകൻ കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന പ്രീമിയം തുക അടച്ചിരിക്കേണ്ടതാണ്. പ്രീമിയം തുക അടച്ച ദിവസം മുതൽ ഏഴ് ദിവസങ്ങൾക്കു ശേഷം മാത്രമേ നഷ്ടപരിഹാരത്തിന് അർഹതയുള്ളൂ. കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയിൽ നെല്ലിന് ഒരു ഹെക്ടറിന് ഇൻഷ്വർ ചെയ്യുന്ന തുകയുടെ 10% പ്രീമിയമായി നിശ്ചയിച്ചിരിക്കുന്നു. പ്രീമിയം തുകയുടെ 75% കേന്ദ്ര സംസ്ഥാന സർക്കാരും 25% മാത്രം കർഷകനും വഹിക്കുന്നു. കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയിൽ മറ്റ് കാർഷിക വിളകൾക്കു കൂടി ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നുണ്ട്. ഈ കാർഷിക വിളകൾക്കുള്ള പ്രീമിയത്തിന്റെ 50% കേന്ദ്ര സംസ്ഥാന സർക്കാരും 50% കർഷകരും വഹിക്കും. പരിഷ്കരിച്ച ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതി പ്രകാരം ആകെ പ്രീമിയം തുകയുടെ 60% പ്രീമിയം സബ്സിഡി കേന്ദ്ര സംസ്ഥാന സർക്കാരുകൾ വഹിക്കുന്നു. കേരവൃക്ഷ ഇൻഷ്വറൻസ് പദ്ധതിയിൽ പ്രീമിയം തുകയുടെ 50% നാളികേര വികസന ബോർഡും 25% സംസ്ഥാന സർക്കാരും 25% കർഷകരും ചേർന്ന് നൽകുന്നു.

സർക്കാർ കൊടുത്തുതീർക്കാനുള്ള തുക

284 (1725) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

താഴെപ്പറയുന്ന ഇനങ്ങളിൽ എന്ത് തുക വീതമാണ് കൊടുത്തുതീർക്കാനുള്ളതെന്ന് ഒടുവിലത്തെ കണക്കുകൾ പ്രകാരം വ്യക്തമാക്കാമോ ?

1. കൃഷിക്കാർക്കുള്ള സബ്സിഡികൾ
2. കൃഷിക്കാർക്കുള്ള ക്രെഡിറ്റ് റിലീഫ്
3. നെല്ല് സംഭരണ സബ്സിഡി
4. റബ്ബർ സംഭരണ സബ്സിഡി
5. കർഷകർക്കുള്ള പെൻഷൻ

ഉത്തരം

(എ) 1. കൃഷിക്കാർക്കുള്ള സബ്സിഡികൾ :

സംസ്ഥാനാവിഷ്കൃത പദ്ധതികൾ മുഖേന കൃഷിക്കാർക്കുള്ള സബ്സിഡി ഇനത്തിൽ ആകെ 369.011 കോടി രൂപയാണ് 2014-15 സാമ്പത്തിക വർഷത്തേക്ക് അനുവദിച്ചത്. ഇതിൽ 158.429 കോടി രൂപ 15-11-2014 വരെ ഇ-പേമെന്റ്വഴി കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. ഇനിയും കൊടുത്തു തീർക്കാനുള്ള തുക 210.582 കോടി രൂപ.

LIBRARY ARCHIVES Kerala Legislative Assembly